<u>15 -ാം കേരള നിയമസഭ</u>

<u>1 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 166</u> <u>07-06-2021 - ൽ മറുപടിയ്ക്ക്</u>

<u>തണ്ണീർതട സംരക്ഷണ നിയമപ്രകാരം വാസയോഗ്യമായ ഭവനങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ | | **Shri M. V. Govindan Master**<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | തണ്ണീർതട സംരക്ഷണ നിയമപ്രകാരം വാസയോഗ്യമായ ഭവനങ്ങൾ നിർമ്മിക്കുന്നതിന് നിലവിൽ സംസ്ഥാനത്തുള്ള നിയമ വ്യവസ്ഥ എന്തെല്ലാമാണ്; | (എ) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 5(3), 9 എന്നിവ പ്രകാരം അതാത് പ്രാദേശിക സംരക്ഷണ സമിതികളുടെ ശുപാർശയിൻമേൽ നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിന് വേണ്ടി പഞ്ചായത്തിൽ 4.04 ആർ വിസ്തൃതിയിലും അല്ലെങ്കിൽ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് 2.02 ആർ വിസ്തൃതിയിലും ഭൂമി പരിവർത്തന പ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, അടിസ്ഥാന നികുതി രജിസ്റ്ററിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും , ഡാറ്റാബാങ്ക് പ്രകാരം നെൽവയൽ/ തണ്ണീർത്തടമായി വിജ്ഞാപനം ചെയ്യപ്പെടാത്തതുമായ 4.04 ആർ വരെ വിസ്തൃതിയിലുള്ള ഭൂമിയിൽ 120 ച.മീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിന്, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട് വകുപ്പ് 27(A) പ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ല. എന്നാൽ 27(A) പ്രകാരം, സ്വഭാവ വ്യതിയാന അനുമതി നേടി മാത്രം കെട്ടിടം നിർമ്മിക്കാവുന്നതായ ഇത്തരം ഒരു ഭൂമിയിൽ, നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 3000 ചതുരശ്ര അടിയ്ക്ക് മുകളിൽ ആണെങ്കിൽ, അപ്രകാരം അധികമായി വരുന്ന ഓരോ ചതുരശ്ര അടിയ്ക്കും 100 രൂപ വീതം നിശ്ചയിക്കപ്പെടുന്ന പരിവർത്തന ഫീസിനു പുറമേ അപേക്ഷകൻ അടയ്ക്കേണ്ടതാണ്. |
| (ബി) | ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷ പരിശോധിക്കുന്ന ആർ.ടി.പി/ സി.ടി.പി ഓഫീസുകളിൽ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം വാസഗൃഹം നിർമ്മിക്കുന്നതിന് ആർ.ടി.പി./ സി.ടി.പി ഓഫീസുകളിൽനിന്ന് അനുമതി ആവശ്യമില്ല. അതിനാൽ അത്തരം അപേക്ഷകൾ ടി ഓഫീസുകളിൽ ലഭിക്കാറില്ല. |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ എത്ര അപേക്ഷകൾ മേൽ സൂചിപ്പിച്ച ഓഫീസുകളിൽ നടപടി സ്വീകരിക്കുന്നതിന് കെട്ടികിടപ്പുണ്ട്; വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (സി) | തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം വാസഗൃഹം നിർമ്മിക്കുന്നതിന് ആർ.ടി.പി./ സി.ടി.പി ഓഫീസുകളിൽനിന്ന് അനുമതി ആവശ്യമില്ല. അതിനാൽ അത്തരം അപേക്ഷകൾ ടി ഓഫീസുകളിൽ ലഭിക്കാറില്ല. |

സെക്ഷൻ ഓഫീസർ